"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സാഫല്യം ഭവന പദ്ധതി - അലോട്ടികൾക്ക് കുടിശ്ശിക തുക മുഴുവനും അടച്ച് തീർക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആനുകൂല്യം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.55/2024/HSG തീയതി,തിരുവനന്തപുരം, 01-10-2024

---

പരാമർശം:- 1. 15.10.2020 ലെ സ.ഉ.(സാധാ)നം.40/2020/ഭവനം ഉത്തരവ്

2. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 14.02.2024 തീയതിയിലെ KSHB-HO/264/2022-EA നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും ഹയർ പർച്ചേസിലൂടെ Plot/PWB/ Flat എന്നിവ ലഭ്യമാക്കിയിട്ടുള്ള അലോട്ടികൾക്കും, സാഫല്യം പദ്ധതി പ്രകാരമുള്ള അലോട്ടികൾക്കും കുടിശ്ശിക മുഴുവനും അടച്ച് തീർക്കുന്നതിലേയ്ക്കായി പരാമർശം (1) ഉത്തരവ് പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആനുകൂല്യം അനുവദിച്ചിരുന്നു. EWS കാറ്റഗറിയ്ക്ക്(സാഫല്യം ഭവന പദ്ധതിയ്ക്ക്) പിഴപ്പലിശയും, മുടക്കപ്പലിശയും മുഴുവനായും, മൊത്തം കണക്കു തീർപ്പാക്കുന്നതിനായി മുതലിന്റെ 5% ഇളവും നൽകി ഉത്തരവ് തീയതി മുതൽ മൂന്ന് മാസ കാലാവധിയ്ക്കുള്ളിൽ കണക്കു തീർപ്പാക്കുന്നവർക്ക് ഒറ്റത്തവണ പദ്ധതിയുടെ ആനുകൂല്യം നൽകുവാനാണ് അനുമതി നൽകിയിരുന്നത്.

2) മേൽ ഉത്തരവ് പ്രകാരം അനുവദിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ടി കാലയളവിൽ തുക അടയ്ക്കുവാൻ കഴിയാത്ത സാഫല്യം പദ്ധതിയിൽ ഇനിയും കുടിശ്ശികയുള്ള അലോട്ടികൾക്ക് പിഴപ്പലിശയും മുടക്കപ്പലിശയും മുഴുവനായും, മൊത്തം കണക്കു തീർപ്പാക്കുന്നതിനായി മുതലിന്റെ 5% ഇളവും ഒരിക്കൽ കൂടി അനുവദിയ്ക്കുവാൻ അനുമതി നൽകണമെന്ന് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിശ്ശിക വരുത്തിയ സാഫല്യം ഭവന പദ്ധതിയിലെ അലോട്ടികൾക്ക് കുടിശ്ശിക തീർപ്പാക്കുന്നതിനായി പിഴപ്പലിശയും മുടക്കപ്പലിശയും മുഴുവനായും, മൊത്തം കണക്കു തീർപ്പാക്കുന്നതിനായി മുതലിന്റെ 5% ഇളവും നൽ കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി, ഈ വിധത്തിലുണ്ടാകുന്ന ബാധ്യതയൊന്നും തന്നെ യാതൊരു കാരണവശാലും സർക്കാർ വഹിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, ഉത്തരവ് തീയതി മുതൽ മൂന്നുമാസ കാലാവധിയ്ക്കുള്ളിൽ കണക്ക്

തീർപ്പാക്കാവുന്നവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ ജി /ഓഡിറ്റ്) കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ് (No. 1453465/PU-C3/12/2020-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 01-10-2024 12:43:31
സെക്ഷൻ ഓഫീസർ

പകർപ്പ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്